ഉൾനാടൻ മത്സ്യകൃഷി വികസനം

111 (3320) ശ്രീ. പി. കെ. കെ. ബാവ :
ശ്രീ. യു. സി. രാമൻ :
ശ്രീ. കളത്തിൽ അബ്ദുള്ള :
ശ്രീ. ടി. പി. എം. സാഹിർ :
ശ്രീ. പി. കെ. അബ്ദുറബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഉൾനാടൻ മത്സ്യകൃഷിയിൽ കഴിഞ്ഞ രണ്ടു വർഷങ്ങളിൽ ലഭിച്ച മത്സ്യസമ്പത്ത് എത്രയായിരുന്നു ;

(ബി) മത്സ്യസമ്പത്തിന്റെ ലഭ്യത വർദ്ധിപ്പിക്കുന്നതിനായി ഉൾനാടൻ മത്സ്യകൃഷി വികസിപ്പിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചു ?

ഉത്തരം

(എ) ഇതുസംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു :

2002-03	75036 മെട്രിക് ടൺ
2003-04	76279 മെട്രിക് ടൺ

(ബി) ഉൾനാടൻ മത്സ്യകൃഷി വികസിപ്പിക്കുന്നതിന് സ്വീകരിച്ച നടപടികൾ താഴെ ചേർക്കുന്നു :

1. മത്സ്യകർഷക വികസന ഏജൻസികൾ മുഖേന മത്സ്യകർഷകർക്ക് ആവശ്യമായ പരിശീലനം, ബാങ്ക് വായ്പ, മത്സ്യ വിത്ത്, മറ്റാനുകൂല്യങ്ങൾ എന്നിവ നൽകുന്നു.

2. കൊല്ലം, എറണാകുളം, തൃശ്ശൂർ, കോഴിക്കോട്, കണ്ണൂർ എന്നീ ജില്ലകളിൽ പ്രവർത്തിക്കുന്ന ഓരുജല മത്സ്യകർഷക വികസന ഏജൻസികൾ മുഖേന സബ്സിഡിയോടുകൂടി ബാങ്ക് വായ്പ നൽകുന്നുണ്ട്. കൂടാതെ മത്സ്യം ചെമ്മീൻ, ചിപ്പി, ഞണ്ട്, കക്ക തുടങ്ങിയവയുടെ കൃഷി പരിപാടികൾ വൻതോതിൽ ഈ ഏജൻസികൾ പ്രോത്സാഹിപ്പിക്കുന്നുമുണ്ട്.

3. ബോധവൽക്കരണ പരിപാടികൾ നടത്തുന്നു.

4. ശോഷിച്ചുകൊണ്ടിരിക്കുന്ന കണ്ടൽക്കാടുകൾ സംരക്ഷിക്കുന്നതിനും മത്സ്യപ്രജനനത്തിന് പ്രകൃതിദത്തമായ ഇടം ഒരുക്കിക്കൊടുക്കുന്നതിനുമായി വ്യാപകമായ തോതിൽ കണ്ടൽക്കാടുകൾ നട്ടുപിടിപ്പിക്കുന്ന ഒരു പദ്ധതി നടപ്പാക്കിവരുന്നു.

5. നിരോധിച്ചിട്ടുള്ള മത്സ്യബന്ധന രീതികൾ കർശനമായി തടയുന്നതിന് ഊർജ്ജിതമായ പട്രോളിംഗ് സമ്പ്രദായം എല്ലാ ജില്ലകളിലും നടപ്പാക്കിവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

6. മത്സ്യത്തിന്റെ ശോഷണം തടയുന്നതിന് സാമൂഹിക മത്സ്യകൃഷി, സിറാഞ്ചിംഗ് തുടങ്ങിയ പദ്ധതികൾ നടപ്പാക്കിവരുന്നു.

7. ഉൾനാടൻ മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിന്, അനുയോജ്യമായ ജലസംഭരണികളിൽ മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിച്ച് വളർത്തുന്ന റിസർവ്വോയർ ഫിഷറീസ് ഡവലപ്മെന്റ് പദ്ധതി നടപ്പാക്കിവരുന്നു. ഈ വർഷം 20 ജലസംഭരണികളിൽ മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിക്കുന്ന പദ്ധതി അഡാക്ക് മുഖേന നടപ്പാക്കുന്നതിനുള്ള നടപടി സ്വീകരിച്ചു കഴിഞ്ഞു.

8. കുട്ടനാട്ടിലെ വെള്ളക്കെട്ടുള്ള സ്ഥലങ്ങളിൽ സംയോജിത മത്സ്യകൃഷി നടപ്പാക്കി വരുന്നു.

9. കുട്ടനാടൻ പാടശേഖരങ്ങളിൽ ഒരു നെല്ലും ഒരു മീനും പദ്ധതി നടപ്പാക്കിവരുന്നു.

10. എറണാകുളം ജില്ലയിലെ പൊക്കാളി പാടശേഖരങ്ങളിൽ ചെമ്മീൻ വികസന പദ്ധതി നടപ്പാക്കിവരുന്നു.

11. അനുയോജ്യമായ സ്ഥലങ്ങളിൽ ശുദ്ധജല മത്സ്യങ്ങൾ അക്വേറിയങ്ങളും ബ്രൂഡ്സ്റ്റോക്ക് കേന്ദ്രങ്ങളും സ്ഥാപിക്കുന്നതിനും നടപടി സ്വീകരിച്ചുകഴിഞ്ഞു.

മത്സ്യത്തൊഴിലാളി സമരം

112 (3321) ശ്രീ. എം. എ. വാഹീദ് :
ശ്രീ. കെ. അച്ചുതൻ :
ശ്രീ. എം. കെ. പോൾസൺ മാസ്റ്റർ :
പ്രൊഫ. കെ. വി. തോമസ് :
ശ്രീ. ടി. വി. ചന്ദ്രമോഹൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മത്സ്യബന്ധന ബോട്ടുകളുടെയും മത്സ്യത്തൊഴിലാളികളുടെയും ഈ വർഷമുണ്ടായ സമരം എത്രകാലം നീണ്ടുവെന്ന് വ്യക്തമാക്കുമോ ; അവരുടെ ആവശ്യങ്ങൾ എന്തെല്ലാമായിരുന്നു ;

(ബി) മത്സ്യബന്ധന ബോട്ടുകൾ മത്സ്യബന്ധനത്തിനു പോകാതിരുന്ന കാലത്ത് എന്തു തുകയ്ക്കുള്ള മത്സ്യബന്ധനം നടക്കാതിരുന്നിട്ടുണ്ട് എന്നു വിശദമാക്കുമോ ;

(സി) ഇതുമൂലം സംസ്ഥാന ഗവൺമെന്റിന് എന്തുതുകയുടെ നഷ്ടം സംഭവിച്ചിട്ടുണ്ട്, എന്തുതുകയുടെ വിദേശ നാണ്യം നഷ്ടപ്പെട്ടിട്ടുണ്ട് എന്നീ വിവരങ്ങൾ ലഭ്യമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly